# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1371** — **20.01.2014 ൽ മറുപടിക്ക്**

## മാവേലി ഹോട്ടലുകൾ

| **ചോദ്യം**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ:** | **ഉത്തരം**<br>**ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )** |
|---|---|
| (എ) സപ്ലൈകോയുടെ കീഴിൽ 2010-ൽ എത്ര മാവേലി ഹോട്ടലുകളാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ; | (എ) സപ്ലൈകോയുടെ കീഴിൽ മാവേലി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ ജില്ലാ ഭരണകൂടത്തിന്റെയും സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെയും നേതൃത്വത്തിൽ തിരഞ്ഞെടുത്ത 33 ഹോട്ടലുകളുടെ പട്ടിക നൽകുകയും പ്രസ്തുത ഹോട്ടലുകൾക്ക് അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകുകയുമാണ് സപ്ലൈകോ ചെയ്തിട്ടുള്ളത്. |
| (ബി) ഇതിൽ എത്രയെണ്ണമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്;<br>(സി) എത്രയെണ്ണമാണ് പ്രവർത്തിക്കാത്തതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ? | (ബി) യും (സി) യും 33 മാവേലി ഹോട്ടലുകൾ തുടങ്ങിയതിൽ തിരുവനന്തപുരത്തുള്ള ഒരു ഹോട്ടൽ മാത്രം ഇപ്പോൾ പ്രവർത്തിക്കുന്നു. മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ 8/09 മുതൽ 24/6/11 വരെ സപ്ലൈകോയിൽ നിന്നും നൽകിയിരുന്നു. എന്നാൽ ഇതിനായി പ്രത്യേക ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച തീയതി മുതൽ ടി ഹോട്ടലുകൾക്കുള്ള ഭക്ഷ്യധാന്യ വിതരണം നിർത്തിവെയ്ക്കേണ്ടി വന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും അവശ്യ സാധനങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാകാതെ വന്നപ്പോൾ മാവേലി ഹോട്ടലുകളുടെ പ്രവർത്തനം നിലയ്ക്കുകയാണുണ്ടായത്. |

Beena

**സെക്ഷൻ ഓഫീസർ**

N